ഹദീസ്

ടി.ഇ.എം റാഫി വടുതല
rafivaduthala@gmail.com

# മതാന്തര സഹകരണത്തിന്റെ പ്രവാചക പാഠങ്ങൾ

عن ميمون بن مَهْران قال: أنَّ النَّبي (ص) قال: ثلاثةٌ المسْلِمُ والكافرِ فيهِنَّ سَواء: مَنْ عَاهَدْتَهُ فَوَفِّ بِعَهْدِهِ مُسْلِماً كَانَ أَوْ كَافِرًا فَإِنَّما العَهْدُ لِلّٰهِ عَزَّوَجَلَّ . وَمَنْ كَانَتْ بَيْنَكَ وَبَيْنَهُ رَحْم فَصِلْها مُسْلِمًا كَانَ أَوْ كَافِرًا. وَمَن ائتُمِنكَ عَلَى أَمَانَةٍ فَأَدِّهَا إِلَيْهِ مُسْلِماً كَانَ أَوْ كَافِرًا

**മൈമൂനുബ്നു മഹ്റാനിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: "മുസ്‌ലിമും അവിശ്വാസിയും തുല്യരാകുന്ന മൂന്നു കാര്യങ്ങളുണ്ട്. നിങ്ങൾ കരാർ ചെയ്യുന്നത് മുസ്‌ലിമിനോടായാലും അവിശ്വാസിയോടായാലും അത് കൃത്യമായി പാലിക്കുക. നിശ്ചയം കരാറുകളൊക്കെയും അല്ലാഹുവിനുള്ളതാകുന്നു. നിങ്ങളും മറ്റൊരാളും തമ്മിൽ കുടുംബ ബന്ധമുണ്ടെങ്കിൽ അദ്ദേഹം മുസ്‌ലിമായാലും അവിശ്വാസിയായാലും ആ ബന്ധം നിലനിർത്തണം. നിങ്ങളെ ഒരാൾ ഒരു കാര്യം സൂക്ഷിക്കാൻ വിശ്വസിച്ചേൽപിച്ചാൽ അത് നിറവേറ്റണം. ഏൽപിച്ചയാൾ മുസ്‌ലിമായാലും അവിശ്വാസിയായിലും" (ബൈഹഖി).**

ബഹുമത സമൂഹങ്ങളും സമുദായങ്ങളും പരസ്പര സഹായത്തിലും സഹവർത്തിത്വത്തിലുമാണ് മുന്നോട്ടു പോകേണ്ടത്. കരാർ പാലനവും കുടുംബ ബന്ധങ്ങളുടെ ദൃഢതയും വിശ്വസിച്ചേൽപിച്ച കാര്യങ്ങളോടുള്ള സത്യസന്ധമായ സമീപനവും മതത്തിന്റെ മതിൽക്കെട്ടുകൾക്കപ്പുറവും പുലരുന്ന സമൂഹത്തിൽ മാത്രമേ ശാന്തിയും സമാധാനവും പൂത്തുല്ലസിക്കുകയുള്ളൂ. അതിൽ വിശ്വാസി എന്നോ അവിശ്വാസി എന്നോ ഉള്ള വിവേചനങ്ങൾ ഒന്നുമില്ല. ദൈവികതയും മാനവികതയുമാണ് അതിന്റെ മൗലിക തത്ത്വങ്ങൾ.

യുദ്ധവും കലാപങ്ങളും പ്രപഞ്ചനാഥൻ ഇഷ്ടപ്പെടുന്നില്ല. സഹവർത്തിത്വത്തിന്റെ കരാർ വ്യവസ്ഥകൾ പൂർണമനസ്സോടെ പാലിക്കുമ്പോഴാണ് ദൈവവിശ്വാസത്തിന്റെ പ്രകാശ കിരണങ്ങൾ കൂടുതൽ മഹിമയുള്ളതാവുക. നിരപരാധികളായ മനുഷ്യരുടെ ജീവനും സമ്പത്തുമാണല്ലോ രാഷ്ട്രങ്ങളുടെ നഗ്നമായ കരാർ ലംഘനത്തിലൂടെ ഹനിക്കപ്പെടുന്നത്. ജാതി, മത, വർണ, ലിംഗ ഭേദം കരാർ പാലനത്തിനു വിഘാതമല്ല. ഖുർആൻ ചിത്രീകരിക്കുന്ന വിജയികളായ വിശ്വാസികളുടെ സവിശേഷതകളിൽ ഒന്ന് കരാർ പാലനം തന്നെയാണ് (*അൽ മുഅ്മിനൂൻ* 8). ആദർശ പ്രതിയോഗികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന യുദ്ധത്തെ പ്രതിരോധിക്കുന്ന വേളയിൽ പോലും ശത്രുസമൂഹം സമാധാനസന്ധികൾക്കോ കരാറിനോ ഒരുങ്ങിയാൽ നിസ്സങ്കോചം അത് സ്വീകരിക്കണമെന്നതാണ് ഖുർആന്റെ ഉദ്ബോധനം (*അൽ അൻഫാൽ* 61). സമാധാനം സ്ഥാപിക്കാനും മർദനം അവസാനിപ്പിക്കാനും നിയുക്തമായ ഒരു ആദർശ സമൂഹത്തിനു അഭികാമ്യം സന്ധിയും കരാർ പാലനവുമാണല്ലോ. തികച്ചും ഏകപക്ഷീയമായിരുന്ന ഹുദൈബിയ സന്ധി ഖുറൈശികൾക്കു മാത്രം അനുകൂലമായിരുന്നിട്ടും അംഗീകരിച്ചു നബി (സ). മക്കയിൽനിന്നും മദീനയിലേക്ക് അഭയാർഥികളായി വന്ന അബൂജൻദലിനെ കരാർ വ്യവസ്ഥ പ്രകാരം അദ്ദേഹം തിരിച്ചയച്ചു.

വിളക്കിച്ചേർക്കപ്പെടേണ്ട കുടുംബബന്ധങ്ങളിലും വിശ്വാസവും അവിശ്വാസവും ഒരു മാനദണ്ഡമല്ല. മാതാപിതാക്കളും മക്കളും സഹോദരന്മാരും സത്യവിശ്വാസം സ്വീകരിച്ചില്ലെങ്കിലും മാനുഷികമായ ബാധ്യതകളും അവകാശങ്ങളും നിറവേറ്റിക്കൊടുക്കണം. പൂർവിക മതമുപേക്ഷിച്ച് ഇസ്‌ലാമിലേക്ക് കടന്നുവരുന്നവരോടും കുടുംബബന്ധങ്ങൾ ഉപേക്ഷിക്കാൻ ഇസ്‌ലാം അനുശാസിക്കുന്നില്ല. അവരെ ബലാൽക്കാരം ഇസ്‌ലാമിലേക്ക് കൊണ്ടുവരരുതെന്ന് ഖുർആൻ വിലക്കുന്നു (*അൽബഖറ* 256). എന്നാൽ ആദർശത്തിൽ അടിയറവ് പറയാതെ തന്നെ മാതാപിതാക്കളോട് മാന്യമായ രൂപത്തിൽ സഹവസിക്കാൻ ഖുർആൻ പ്രത്യേകം കൽപിക്കുകയും ചെയ്യുന്നു (*ലുഖ്മാൻ* 15). ഒരാളുടെ ഇസ്‌ലാം സ്വീകരണം വഴി കുടുംബത്തിന് അദ്ദേഹം എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നു എന്ന ആശങ്ക ഉയരുന്ന സമകാലിക സാഹചര്യത്തിൽ പ്രവാചക വചനം ഏറെ ചിന്തനീയമാണ്. കുടുംബബന്ധങ്ങൾ വിളക്കിച്ചേർക്കുന്നതിൽ വിശ്വാസവും ആദർശവും തടസ്സമാകരുതെന്ന സന്ദേശം പകർന്നുനൽകുകയാണ് പ്രവാചകൻ.

താളൈക്യമുള്ള സാമൂഹിക ജീവിതത്തെ മുന്നോട്ടു നയിക്കുന്ന അടിസ്ഥാന ഘടകമാണ് പരസ്പര വിശ്വാസം. മനുഷ്യസമൂഹത്തിന്റെ ക്രയവിക്രയങ്ങളും ഇടപാടുകളും ഈ വിശ്വാസത്തിൽ അധിഷ്ഠിതവുമാണ്. അന്ത്യദിനം എപ്പോഴാണ് സംഭവിക്കുക എന്ന അനുചരന്മാരുടെ ചോദ്യത്തിന് തിരുദൂതൻ നൽകിയ മറുപടി ശ്രദ്ധേയമാണ്; എപ്പോൾ അമാനത്തുകൾ നഷ്ടപ്പെടുന്നുവോ അപ്പോൾ അന്ത്യദിനം പ്രതീക്ഷിച്ചുകൊള്ളുക. സാമൂഹിക ജീവിതത്തിൽ സൂക്ഷിക്കാൻ ഏൽപിക്കുന്നത് സ്വത്തുക്കളോ വസ്തുക്കളോ രഹസ്യങ്ങളോ വിവരങ്ങളോ ഒക്കെ ആകാം. സ്വത്തുക്കളിൽ വഞ്ചനയും വസ്തുക്കളിൽ കൃത്രിമവും പാടില്ല. രഹസ്യങ്ങൾ അങ്ങാടിപ്പാട്ടുമാകരുത്. വിശ്വസിച്ചേൽപിച്ച കാര്യങ്ങൾ സത്യസന്ധമായി നിറവേറ്റുന്നതിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ ഭേദമില്ല. മക്കയിൽനിന്നും മദീനയിലേക്കുള്ള പ്രവാചകന്റെ ഹിജ്റയുടെ വേളയിൽ തന്നെ വധിക്കാൻ വീടു വളഞ്ഞ ശത്രുക്കൾ നബിയെ ഏൽപിച്ചിരുന്ന സൂക്ഷിപ്പുമുതലുകൾ അനുചരനും ബന്ധുവുമായ അലിയുടെ കൈയിൽ തിരിച്ചു കൊടുക്കാൻ ഏൽപിക്കുന്ന സത്യസന്ധതയേക്കാൾ മഹനീയ മാതൃക മറ്റെന്തുണ്ട്!

''വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും ചതിക്കരുത്. നിങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളിലും വഞ്ചന കാണിക്കരുത്'' (*അൽ അൻഫാൽ* 27).